പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. T 5106

27.06.2019 ൽ മറുപടിയ്ക്ക്

## റിയൽ എസ്റ്റേറ്റ് അതോറിറ്റി

**ചോദ്യം**

ശ്രീ. റോജി എം. ജോൺ

**ഉത്തരം**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

എ) റിയൽ എസ്റ്റേറ്റ് അതോറിറ്റി നിലവിൽ വന്നിട്ടും അതിന്റെ ചെയർമാനേയും അംഗങ്ങളെയും നിയമിക്കാത്തത് പ്രസ്തുത മേഖലയിൽ ഉണ്ടാക്കിയിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി നിലവിൽ വന്നിട്ടില്ല. എസ്.ആർ.ഒ. നം. 419/2018 ആയി പ്രസിദ്ധീകരിച്ച 18.06.2018-ലെ ജി.ഒ. (പി) നം. 46/2018/തസ്വഭവ ഉത്തരവ് പ്രകാരം കേരള റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ & ഡെവലപ്പ്മെന്റ്) റൂൾസ്, 2018 വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി ചെയർമാനേയും അംഗങ്ങളെയും നിയമിക്കുന്നതിന് സത്വര നടപടി സ്വീകരിച്ചു വരുന്നു. 28.06.2018 ലെ സ.ഉ. (കൈ) നം. 87/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയെ ഇടക്കാല റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയായി

............(2)

നിയമിച്ചിട്ടുണ്ട്. റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി നിലവിൽ വരുന്നതോടുകൂടി ഈ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സാധിക്കുന്നതാണ്.

ബി) ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകാമെന്ന് വാഗ്ദാനം നൽകി ഉപഭോക്താക്കളെ വഞ്ചിക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്;

ബി) റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയും റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണലും നിലവിൽ വരുന്ന മുറയ്ക്ക് ഇവർക്കെതിരെ നടപടി സ്വീകരിക്കാവുന്നതാണ്.

സി) നെസ്റ്റ് ഇൻഫോടെക് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി എന്ന സ്ഥാപനം കോട്ടയത്ത് 2013 ൽ നെസ്റ്റ് ഓർക്കിഡ് പാർക്കെന്ന ഫ്ലാറ്റ് സമുച്ചയം നിർമ്മിച്ച് നൽകാമെന്ന് വാഗ്ദാനം ചെയ്ത് ലക്ഷങ്ങൾ കൈപ്പറ്റിയിട്ടും ഫ്ലാറ്റ് കൈമാറിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഡി) ഉപഭോക്താക്കളുടെ താല്പര്യം സംരക്ഷിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഡി) റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി നിലവിൽ വരുന്നതോടുകൂടി ഈ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സാധിക്കുന്നതാണ്.

(signature)

സെക്ഷൻ ഓഫീസർ